**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1076** **09-10-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞൂർ പഞ്ചായത്തിലെ കുടിവെള്ളസംഭരണിയിലേയ്ക്ക് പൊതുവഴി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ളസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തേക്ക് വാഹന ഗതാഗത സൗകര്യമുള്ള പൊതുവഴിയുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കുടിവെള്ള സംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തേക്ക് പൊതുവഴിയില്ല. |
| (ബി) | പ്രസ്തുത കുടിവെള്ളസംഭരണി നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | 07/10/2024 അവസാന തീയതിയായി പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. |
| (സി) | ജലജീവൻ പദ്ധതിയിലുൾപ്പെടുത്തിയ കുടിവെള്ളസംഭരണി നിർമ്മാണ സ്ഥലത്തേക്ക് റോഡ് നിർമ്മിക്കാനുള്ള എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (സി) | റോഡ് നിർമ്മിക്കാനുള്ള പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ഈ വിഷയത്തിൽ ജലവിഭവ വകുപ്പിന്റെ പരിഗണനയിലുള്ള 230219/2024/സിആർയു/കെ.ഡബ്ല്യു.എ. എന്ന ഫയലിലെ നിലവിലെ നടപടികൾ വ്യക്തമാക്കാമോ; ഇതിലെന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ഡി) | ജലഭവനിൽ നിന്നും 230219/2024/CRU/KWA എന്ന ഫയലിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ചീഫ് എൻജിനീയർ സെൻട്രൽ റീജിയനും, സൂപ്രണ്ടിങ് എ ഞ്ചിനീയർ, കൊച്ചിക്കും, പ്രൊജക്റ്റ് ഡിവിഷൻ പെരുമ്പാവൂരിനും നിർദ്ദേശം നൽകി. ഇത് പ്രകാരം പ്രൊജക്റ്റ് ഡിവിഷൻ പെരുമ്പാവൂർ കുടിവെള്ള സംഭരണി നിർമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേയ്ക്ക് നിർമാണ പ്രവർത്തനത്തിനായി സാധന സാമഗ്രികളുമായി വാഹനങ്ങൾ കൊണ്ടുപോകുവാൻ നിലവിലുള്ള കനാൽ ബണ്ട് റോഡ് ഉപയോഗിക്കാവുന്നതാണ് എന്നു റിപ്പോർട്ട് ചെയ്തിരുന്നു. കുടിവെള്ളസംഭരണി നിർമ്മാണ പ്രവൃത്തിയുടെ ടെൻഡറിന്റെ നിലവിലെ സ്ഥിതിയും കുടിവെള്ളസംഭരണി നിർമ്മാണ സ്ഥലത്തെ വഴി സംബന്ധിച്ച വിവരങ്ങളും അറിയിക്കുന്നതിലേക്കായി സൂപ്രണ്ടിങ് എഞ്ചിനീയർ, മൂവാറ്റുപുഴ സർക്കിളിനു കത്ത് അയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കത്തിടപാട്ടുകളുടെയും ഇ-മെയിലിന്റെയും പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**പ്രിയ രഘു**
**ആരോഗ്യ വിദ്യഭ്യാസ**
**സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ**
**മാടശ്ശേരി വീട്**
**പാറപ്പുറം പി.ഒ. പിൻ: 683575**
**ഫോൺ: 9495947451, 9544277393**

**കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**
കാഞ്ഞൂർ പി ഒ
എറണാകുളം ജില്ല
ഫോൺ: 0484-2462254
email:kanjoorgp@gmail.com

Ref :

Date : 23/06/'24

ബഹുമാനപ്പെട്ട ആലുവ MLA ശ്രീ. അൻവർ സാദത്ത് അവർകൾ മുമ്പാകെ ബോധിപ്പിക്കുന്ന അപേക്ഷ

സർ,

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള സംഭരണി നിർമ്മിക്കാനായി അങ്ങയുടെ ശ്രമഫലമായി പത്തുസെന്റ് സ്ഥലം സൗജന്യമായി സ്വകാര്യ വ്യക്തി പഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ട് എങ്കിലും കുടിവെള്ളസംഭരണിയുടെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. നിർമ്മാണം ആരംഭിക്കാത്തതിന്റെ പ്രധാന തടസ്സം കുടിവെള്ള സംഭരണി നിർമ്മിക്കേണ്ട സ്ഥലത്തേക്ക് പൊതുവഴി ഇല്ല എന്നുള്ളതാണ്.

വഴി പ്രശ്നം പരിഹരിക്കുന്നതിനായി മേൽ സൂചിപ്പിച്ച ഭൂമിയുടെ സമീപത്തുകൂടെ കടന്നുപോകുന്ന ഇറിഗേഷൻ കനാൽ ഒതുക്കി നിർമ്മിച്ചാൽ സാധിക്കുന്നതാണ്. റോഡ് നിർമ്മാണത്തിന് തികയാതെ വരുന്ന സ്ഥലം വിട്ടുതരാമെന്ന് പ്രദേശത്തെ സ്വകാര്യ വ്യക്തികളും സന്നദ്ധത അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പുതിയ റോഡ് നിർമ്മിക്കാനുള്ള സാമ്പത്തികശേഷി കാഞ്ഞൂർ പഞ്ചായത്തിനില്ലാത്തതിനാൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയോ, മറ്റ് സർക്കാർ ഫണ്ട് അനുവദിക്കുകയോ ചെയ്താൽ മാത്രമേ റോഡ് നിർമ്മിക്കാൻ സാധിക്കൂ.

ആയതിനാൽ കുടിവെള്ള പദ്ധതി എന്ന നിലയിലുള്ള പ്രാധാന്യം കണക്കിലെടുത്ത് റോഡ് നിർമ്മാണത്തിനുള്ള പണം സർക്കാരിൽ നിന്നും പ്രത്യേകമായി അനുവദിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

വിശ്വാസപൂർവ്വം

**പ്രിയ രഘു**
**ചെയർപേഴ്സൺ**
**ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി**
**കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**

# JJM =- Request from Sri. Anver Sadath MLA

**KWA PIU JJM** <kwajjm@gmail.com>
4 September 2024 at 12:43
To: SE Kochi <phcirclekochi@gmail.com>, SE Kochi <phcircle.kochi@gmail.com>, KWA Central Region Kochi <kwacentralregion@gmail.com>

Sir,
Please see the attachment. The request forwarded from the Office of the Minister for Water Resources is forwarded for necessary action and submit the action taken report at the earliest for submitting the same to GOK

--
Regards,
Deputy Chief Engineer (PIU-3 / SPMU)
Kerala Water Authority

---

**Request from Anver Sadath MLA.pdf**
554K

ഭരണഭാഷ - മാതൃഭാഷ

Email : ceprojectkwa.pbr@gmail.com

ഫോൺ 0484 2522189

# കേരള വാട്ടർ അതോറിറ്റി

## പ്രോജക്ട് ഡിവിഷൻ

## എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം, പെരുമ്പാവൂർ

നമ്പർ. EE/PD/PBR/DB1/JJM/96/2023 തീയതി: 06.09.2024

പ്രേക്ഷിതൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ പ്രോജക്ട്സ്
കേരള വാട്ടർ അതോറിറ്റി
ജലഭവൻ, തിരുവനന്തപുരം.

സർ.

വിഷയം : ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന ടാങ്കിലേക്ക് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് നൽകുന്നത് സംബന്ധിച്ച്

സൂചന : 1. കാഞ്ഞൂർ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി.പ്രിയ രഘു 23.06.2024-ൽ ബഹു. ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്തിന് നൽകിയ അപേക്ഷ.
2. ബഹു. ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത്, ബഹു.ജല വിഭവ വകുപ്പ് മന്ത്രി ശ്രീ.റോഷി അഗസ്റ്റിന് 02.07.2024-ൽ നൽകിയ അപേക്ഷ.

ജല ജീവൻ പദ്ധതിയുടെ ഭാഗമായി കാഞ്ഞൂർ പഞ്ചായത്തിൽ സ്വകാര്യ വ്യക്തി സൗജന്യമായി പഞ്ചായത്തിന് വിട്ടുനൽകിയ സ്ഥലത്ത് ടാങ്ക് നിർമ്മിക്കുവാനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുന്നു.

സൂചന (1) പ്രകാരം ജല സംഭരണി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് നിലവിലുള്ള കനാൽ ഒതുക്കി നിർമ്മിച്ച് സ്വകാര്യ വ്യക്തികൾ വിട്ടുനൽകുന്ന സ്ഥലവും പ്രയോജനപ്പെടുത്തി പൊതുവഴി നിർമ്മിക്കുവാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് അപേക്ഷ നൽകിയിരുന്നു. ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ ബഹു. ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത്, സൂചന (2) പ്രകാരം ബഹു.ജല വിഭവ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷ സംബബന്ധിച്ച് താഴെ പറയുന്നവ അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

ജല ജീവൻ പദ്ധതിയുടെ നിലവിലെ നിർദേശം അനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച റോഡിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് മാത്രമേ ഫണ്ട് ചിലവഴിക്കുവാൻ സാധിക്കൂ. കനാൽ ഒതുക്കി നിർമ്മിച്ചതിനുശേഷം റോഡ് നിർമ്മാണത്തിനായി ഫണ്ട് ഉപയോഗിച്ചാൽ ഇത് ഓഡിറ്റ് ആക്ഷേപത്തിന് ഇടയാകും. ആയതിനാൽ കനാൽ ഒതുക്കി നിർമ്മിച്ചതിനുശേഷം, റോഡ് നിർമ്മാണത്തിനായി ജല ജീവൻ മിഷൻ പദ്ധതിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നത് സാങ്കേതിക പ്രശ്നങ്ങൾക്ക് കാരണമാകും എന്ന വിവരം അങ്ങയെ അറിയിക്കുന്നു. ആയതിനാൽ സർക്കാരിന്റെ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA-JB/6858/2024-AEE6 തീയതി: 26-09-2024

പ്രേഷകൻ

ചീഫ് എഞ്ചിനീയർ (Projects & Operations)

സ്വീകർത്താവ്

സൂപ്രണ്ടിങ് എഞ്ചിനീയർ, PH സർക്കിൾ, മൂവാറ്റുപുഴ

സർ,

വിഷയം: ആലുവ നിയോജകമണ്ഡപത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ജലജീവമിഷൻ പദ്ധതി- ടാങ്കിലേയ്ക്ക് റോഡ് - സംബന്ധിച്ച് :-

സൂചന : 1. Endt No 18431/VIP/M/(WR)/2024 dated 12.07.2024 of the Hon'ble Minister for WRD

2. ശ്രീ. അൻവർ സാദത്ത് എം. എൽ. എ 02.07.2024-ൽ ബഹു. ജല വിഭവ വകുപ്പ് മന്ത്രിക്ക് നൽകിയ അഭ്യർത്ഥന

3. പെരുമ്പാവൂർ പ്രൊജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ 06.09.2024-ലെ EE/PD/PBR/DB1/JJM/96/2023 നമ്പർ റിപ്പോർട്ട്

ജൽജീവമിഷൻ പദ്ധതിയുടെ ഭാഗമായി ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ജല സംഭരണി നിർമ്മിക്കുവാൻ സൗജന്യമായി കിട്ടിയ സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുന്നതിന് തുക അനുവദിക്കണമെന്ന പഞ്ചായത്ത് സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി പ്രിയ രഘുവിൻ്റെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കണമെന്നാണ് ബഹു. എം. എൽ. എ. ശ്രീ. അൻവർ സാദത്ത് സൂചന (2) പ്രകാരം ബഹു. ജല വിഭവ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ജല സംഭരണി നിർമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് പൊതുവഴി ഇല്ലാത്തതാണ് നിർമാണം ആരംഭിക്കാനുള്ള തടസം എന്നാണ് അപേക്ഷയിൽ പറഞ്ഞിരിക്കുന്നത്. വഴി പ്രശ്നം പരിഹരിക്കുന്നതിനായി ഈ ഭൂമിയുടെ സമീപത്തു കൂടെ കടന്ന് പോകുന്ന ഇറിഗേഷൻ കനാൽ ഒതുക്കി നിർമിച്ചാൽ സാധിക്കും എന്ന് കൂടി അറിയിച്ചിരിക്കുന്നു. ഇതിനുള്ള തുക ഏതെങ്കിലും സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഇതിന് മറുപടിയായി പെരുമ്പാവൂർ പ്രൊജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂചന (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ സംഭരണിയുടെ പ്രവൃത്തി ടെൻഡർ സ്റ്റേജിൽ ആണെന്നാണ് അറിയിച്ചിരിക്കുന്നത്. സംഭരണിയിലേക്കുള്ള റോഡിനെ കുറിച് ഈ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നില്ല.

ആയതിനാൽ മേല്പറഞ്ഞ പ്രവർത്തിയുടെ ടെൻഡർ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയും ടാങ്ക് സൈറ്റിലേക്ക് നിലവിൽ ഏതെങ്കിലും രീതിയിൽ വഴി ലഭ്യമാണോ എന്നും പ്രവർത്തികൾ ആരംഭിക്കുവാൻ നിലവിൽ തടസ്സങ്ങൾ ഉണ്ടോ എന്നതിനെ കുറിച്ചും റിപ്പോർട്ട് ഈ ഓഫീസിലേയ്ക്ക് സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

CE(PROJECTS

Signed by
Sajiv Retnakaran
Date: 26-09-2024 22:20:12

OPERATIONS) KWA

പകർപ്പ് : എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രൊജക്റ്റ് ഡിവിഷൻ പെരുമ്പാവൂർ

Gmail KWA PIU JJM <kwajjm@gmail.com>

# JJM-Request from Sri. Anver Sadath MLA - Report submitting reg.

**KWA PROJECT DIVISION PERUMBAVOOR** <eeprojectkwa.pbr@gmail.com> 6 September 2024 at 14:13
To: KWA PIU JJM <kwajjm@gmail.com>

--

Sir,

Please find the attachment.

With Regards,

**Executive Engineer**

*Project Division Perumbavoor*

*Perumbavoor P O*

*Ernakulam - 683542*

**Conserve Water for a Better Future**

**Save a tree. Please don't print anything unless it's really necessary**

---

**Kanjoor Pt..pdf**
566K